# കോവിഡ് 19 റാപ്പിഡ് ടെസ്റ്റ്

കോവിഡ് 19 സമൂഹവ്യാപന സാദ്ധ്യത പരിശോധിക്കുന്നതിനായി ജില്ലയിൽ ജൂണ് 9 മുതല് ജൂണ് 13 വരെയായി നടത്തിയ റാപ്പിഡ് ടെസ്റ്റിന്റെ ആദ്യഘട്ടം പൂർത്തിയായി. ജില്ലയുടെ ടാർജറ്റ ്ആയി നൽകിയിരുന്നത് 475 സാമ്പിളുകളാണ്. ജില്ലയുടെ വിവിധ സ്ഥലങ്ങളിൽ നിന്നും 12 വിഭാഗങ്ങളിലായി തിരഞ്ഞെടുത്ത 482 പേരിലാണ് പരിശോധന നടത്തിയത്. കോവിഡ് ആശുപത്രികളിലെ ആരോഗ്യ പ്രവർത്തകരില് നിന്നും 50 പേര്, മറ്റ് ആശുപത്രികളിലെ ആരോഗ്യ പ്രവർത്തകരില് നിന്നും 50 പേര്, പോലീസ്, ഫീൽഡ് വിഭാഗം ആരോഗ്യ പ്രവർത്തകര്, മാധ്യമപ്രവർത്തകര്, ആശ, അംഗൻവാടി പ്രവർത്തകര് തുടങ്ങിയവര് - 50 പേര്, റേഷന് കടകള്, കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തകര്, ഭക്ഷണവും മറ്റ് വസ്തുക്കളും വിതരണം ചെയ്യുന്ന ഡെലിവറിബോയ്സ് എന്നിവരില് നിന്നും 32 പേര്, ഇതരസംസ്ഥാന ട്രക്ക്ഡ്രൈവർമാരുമായി ഇടപഴകിയവരില് നിന്നും 12 പേർ, അതിഥിതൊഴിലാളികള് 25 പേര്, വീടുകളില് നിരീക്ഷണത്തില് കഴിയുന്നവരിൽ നിന്നും 81 പേര്, കോവിഡ് കെയര് സെന്ററുകളില് നിരീക്ഷണത്തിൽ കഴിയുന്നവരില് നിന്നും 19 പേര്, 60 വയസ്സിനു മുകളിൽ പ്രായമുള്ളവര് 100 പേര്, കഴിഞ്ഞ 10 ദിവസത്തിനുള്ളില് ശ്വാസകോശ സംബന്ധമായ അസുഖം ബാധിച്ചവരില് നിന്നും 25 പേര്, സാംക്രമികരോഗ പഠനവുമായി ബന്ധപ്പെട്ട് ജില്ലാ സർവൈലൻസ് ആഫീസർ തിരഞ്ഞെടുത്ത 13 പേര്, മെയ്മാസം 7-ാം തീയതിക്ക്ശേഷം കേരളത്തില് എത്തി 14 ദിവസത്തെ നിരീക്ഷണം പൂർത്തിയാക്കിയവരുമായ 25 പേര് എന്നിങ്ങനെയാണ് 482 പേരെ തിരഞ്ഞെടുത്തത് പരിശോധനയില് 475 പേർക്ക് രോഗമില്ല എന്ന് സ്ഥിരീകരിച്ചു. എഴ് സാമ്പിളുകൾ കൂടുതല് പരിശോധനയ്ക്കായി വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് അയച്ചു. ഇതിൽ ഫലം ലഭിച്ച 3 എണ്ണം നെഗറ്റീവാണ്. നാലു സാമ്പിളുകളുടെ ഫലം ലഭിക്കാനുണ്ട്.